**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5122** **20-03-2025 - ൽ മറുപടിയ്ക്ക്**

**മൂഴി-മൈലം പാലം നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | അരുവിക്കര മണ്ഡലത്തിലെ മൂഴി-മൈലം പാലം നിർമ്മാണവുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ നടപടിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; ഭൂമി ഏറ്റെടുക്കൽ വേഗത്തിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (എ) | തിരുവനന്തപുരം ജില്ലയിൽ അരുവിക്കര തോട്ടത്തിൻകടവ് മൂഴി മൈലം പാലം നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 19(1) പ്രഖ്യാപനം 16/02/2024-ലെ 579-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. മൂഴി മൈലം പാലം നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിന് അർത്ഥനാധികാരി അനുവദിച്ച് നൽകിയ തുകയ്ക്ക് അവാർഡ് പാസ്സാക്കി ഭൂമി ഏറ്റെടുത്തിട്ടുണ്ട്. ബാക്കിയുള്ള ഭൂമി ഏറ്റെടുക്കുന്നതിന് ഫണ്ട് അനുവദിച്ചു നൽകുന്നതിന് അർത്ഥനാധികാരിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. 2013-ലെ ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ നിയമത്തിലെ സെക്ഷൻ 25-ന്റെ അടിസ്ഥാനത്തിൽ അവാർഡ് പാസ്സാക്കുന്നതിനുള്ള കാലാവധി 15/02/2025 മുതൽ 6 മാസത്തേക്ക് ദീർഘിപ്പിച്ചുകൊണ്ട് 12/02/2025-ലെ 515-ാം നമ്പർ അസാധാരണ ഗസറ്റിൽ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ